# മുഖ്യമന്ത്രി വിശ്രമമില്ലാതെ 15 മണിക്കൂർ

തിരുവനന്തപുരം: നടന്നും ഇരുന്നും ആർക്കൂട്ടത്തിനിടയിലേക്കിറങ്ങിയും പരാതികൾ കേട്ട മുഖ്യമന്ത്രി ഉമ്മൻചാണ്ടി വിശ്രമമില്ലാതെ ചെലവിട്ടത് പതിനഞ്ചോളം മണിക്കൂറുകൾ. രാവിലെ ഒമ്പതരയോടെ ആരംഭിച്ച ജനസമ്പർക്ക പരിപാടി അവസാനിച്ചത് രാത്രി പന്ത്രണ്ടോടെയാണ്. ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ നിന്ന് പുലർച്ചെ മുതലെത്തിയ ആയിരങ്ങൾ മുഖ്യമന്ത്രിയെ നേരിട്ട്കണ്ട് പരാതികൾ നൽകി. അവസാനത്തെയാളും പരാതി നൽകുന്നതുവരെ താനിവിടെയുണ്ടാകുമെന്ന് നേരത്തെ തന്നെ അദ്ദേഹം അറിയിച്ചിരുന്നു.

81 ഡിപ്പാർട്ടുമെൻറുകളിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും വകുപ്പ് മേധാവികൾ ഉൾപ്പെടെ ആയിരത്തോളം ഉദ്യോഗസ്ഥരാണുണ്ടായിരുന്നത്. ആയിരക്കണക്കിന് പരാതികൾ സ്വീകരിക്കുകയും പരിഹാരം നിർദേശിക്കുകയും ചെയ്തപ്പോഴും ഒരുഗ്ലാസ് പാൽകഞ്ഞി കുടിച്ചാണ് മുഖ്യമന്ത്രി ക്ഷീണം അകറ്റിയത്. ശശി തരൂർ എം.പി , മേയർ അഡ്വ. കെ. ചന്ദ്രിക, എം.എൽ.എമാരായ കെ.മുരളീധരൻ, വി. ശിവൻകുട്ടി, ബി.സത്യൻ, വർക്കല കഹാർ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് രമണി പി. നായർ, കലക്ടർ ബി. നന്ദകുമാർ, എ.ഡി.എം, നാല് താലൂക്കുകളിലെയും തഹസിൽദാർമാർ തുടങ്ങിയവർ പങ്കെടുത്തു.